# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 50

06.03.2012-ൽ മറുപടിക്ക്.

## പ്രകൃതിവാതക വിതരണത്തിന് സംയുക്ത സംരംഭം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതിവാതക വിതരണത്തിന് സംയുക്ത സംരംഭം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനും ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്ന് കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് (കെ.ജി.ജി.എൽ) എന്ന സംയുക്ത സംരംഭം 2011 നവംബർ 22-ാം തീയതി രൂപീകരിച്ചു. |
| (ബി) പ്രസ്തുത സംരംഭം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ആരാണ് ; | (ബി) 17.02.2012-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.റ്റി) നം. 188/2010/ഐ.ഡി. പ്രകാരം കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനാണ് പ്രസ്തുത സംരംഭത്തിന്റെ നോഡൽ ഏജൻസി. |
| (സി) ഏതെല്ലാം കമ്പനികളുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷനും (കെ.എസ്.ഐ.ഡി.സി) ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്നാണ് ഈ സംയുക്ത സംരംഭം രൂപീകരിച്ചത്. കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്നാണ് പുതിയ കമ്പനിയുടെ പേര്. |

സെക്ഷൻ ഓഫീസർ